# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6502 — 21.11.2019 -ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കി ഗ്രേസ് മാർക്ക് തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കി ഗ്രേസ് മാർക്ക്തട്ടിപ്പ് നടത്തിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ | പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മത്സരങ്ങൾക്കും, സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള മത്സരങ്ങൾക്കുമാണ് നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് നല്കിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നുണ്ട്. |
| ബി | കായികയിനങ്ങളുടെ അന്തർദേശീയ, ദേശീയ, സംസ്ഥാനതല വിജയികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് അനുവദിക്കാവൂ എന്ന ചട്ടം പാലിക്കാതെ ചെന്നൈ റൈഫിൾസ് ക്ലബ് നടത്തിയ ദക്ഷിണ മേഖലാ ഷൂട്ടിങ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്കിനായി ഹാജരാക്കിയത് പരിശോധിക്കുമോ; വിശദാംശം നൽകാമോ; | ബി | ദക്ഷിണ മേഖലാ മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകി വന്നിരുന്നു. ദക്ഷിണ മേഖലാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഗ്രേസ് മാർക്ക് അനുവദിച്ചത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലാണ്. |
| സി | അംഗീകാരമില്ലാത്ത സംഘടനകളുടെ ഇത്തരം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് നൽകിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | സി | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരം മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. ഇത്തരം മത്സരങ്ങളുടെ അംഗീകാരം സംബന്ധിച്ച് തീരുമാനം എടുക്കുന്നത് കേരള സ്പോർട്സ് കൗൺസിൽ ആണ്. |

| | | | |
|---|---|---|---|
| ഡി | പൊതുവിദ്യാഭ്യാസ വകുപ്പ് ഇത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകൾ റദ്ദാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | ഡി | ശേഖരിച്ചു വരുന്നു. |
| ഇ | അംഗീകാരമില്ലാത്തതും അർഹതയില്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഗ്രേസ് മാർക്ക് തട്ടിപ്പ് നടത്തിയ കേസുകൾ കണ്ടെത്തുവാനും നടപടി സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; അറിയിക്കാമോ? | ഇ | പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മത്സരങ്ങൾക്ക് ഇത്തരത്തിൽ ഒരു പ്രശ്നം വരുന്നില്ല. എന്നാൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളുടെ സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി അറിയുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിലവിൽ സംവിധാനങ്ങളില്ല. ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്ന കാര്യം പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**